**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6767**

**12-07-2012 - ൽ മറുപടിക്ക്**

**അക്ഷയ പദ്ധതി സൊസൈറ്റി/കമ്പനി ആക്കുന്നതിനുള്ള തീരുമാനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ഡോ. ടി. എം. തോമസ് ഐസക് :** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) അക്ഷയ പ്രോജക്ടിനെ സൊസൈറ്റിയോ കമ്പനി യോ ആക്കുന്നതിനുള്ള തീരു മാനം കൈക്കൊണ്ടിട്ടുണ്ടോ ;കമ്പനിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ സ്വകാര്യ കമ്പനി കൾ/വ്യക്തികൾക്ക് എത്ര ശതമാനം ഷെയർ വീതം നൽകും എന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. അക്ഷയയെ സൊസൈറ്റി യായി രജിസ്ട്രർ ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) ഏതെങ്കിലും പ്രൈവറ്റ് കമ്പനികൾക്ക് ഷെയർ നൽകുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) മുൻസർക്കാരിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ (2010-2011) അക്ഷയ പദ്ധതി യ്ക്കായി 6 കോടി രൂപ വകയിരുത്തിയിരു ന്നുവോ ; പ്രസ്തുത പദ്ധതിക്ക് 2012 -2013 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തി യിട്ടുണ്ടോ ; | (സി) 2010-11 വർഷത്തെ ബഡ്ജറ്റിൽ അക്ഷയയ്ക്ക് 2.10 കോടി രൂപ വകയി രുത്തിട്ടുണ്ടായിരുന്നു. 2012 -13 വർഷത്തെ ബഡ്ജറ്റിൽ അക്ഷയ പദ്ധതിയ്ക്ക് 4കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ആധാർപദ്ധതി കേരളത്തിലെ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് ഐ.ടി @ സ്കൂൾ, അക്ഷയ, കെൽട്രോൺ എന്നീ ഏജൻസിക ളെയാണോ ഏൽപ്പിച്ചിരുന്നത് ; നിലവിൽ മറ്റേതെങ്കിലും സ്വകാര്യ ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ഡി) കേരള സർക്കാർ എന്ന യു.ഐ.ഡി രജിസ്ട്രാറിനു കീഴിലുള്ള ഒരു എൻറോൾമെന്റ് ഏജൻസിയാണ് അക്ഷയ. സ്കൂളുകളിൽ അക്ഷയ കൂടാതെ ഐ.റ്റി @ സ്ക്കൂൾ, കെൽട്രോൺ എന്നിവയിലൂടെയും ആധാർ രജിസ്ട്രേഷൻ നടത്തു ന്നുണ്ട്. സ്വകാര്യ ഏജൻസികളെ നാളിതു വരെ ഏൽപ്പിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ